


| No | Programme | Status as on 07/09/2020 | Status as on 14/09/2020 | Status as on 21/09/2020 | Status as on 28/09/2020 | Detailed Status | Documents |
|---|---|---|---|---|---|---|---|
| 1 | 1000 'Janakeeya' Hotels | 626 hotels | 643 hotels | 671 hotels | | District wise Status | Programme Brief<br>Action Plan |

# 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി കുടുംബശ്രീയും

കേരള സർക്കാർ 100 ദിനങ്ങൾ കൊണ്ട് പൂർത്തിയാക്കേണ്ട 100 പദ്ധതികളെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തിയിരുന്നുവല്ലോ. മികച്ച പദ്ധതികൾ തെരഞ്ഞെടുത്തുകൊണ്ട് ഈ പദ്ധതികൾ 100 ദിനങ്ങൾ കൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കി മികച്ച ഫലം കൈവരിക്കാനായി തുടക്കമിട്ട 100 ദിന പരിപാടിയിൽ ചില പദ്ധതികൾ കുടുംബശ്രീയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളാണ്. ആ പദ്ധതികളെ ഞാൻ ഇന്ന് നിങ്ങൾക്ക് പരിചയപ്പെടുത്താം.

1. 100 ദിവസത്തിനകം 25,000 വീടുകൾ പൂർത്തിയാക്കുമെന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി പിഎംഎവൈ (അർബൻ) -ലൈഫ് പദ്ധതിയിലൂടെ നഗരങ്ങളിലുള്ള 15,000 വീടുകൾ പൂർത്തിയാക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

2. ജനകീയ ഹോട്ടലുകൾ 1000 തികയ്ക്കുക- പൊതുബജറ്റിൽ പ്രഖ്യാപിച്ച, 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന ജനകീയ ഹോട്ടലുകൾ 1000 തികയ്ക്കുക.
3. 50,000 പേർക്ക് കാർഷികേതര സംരംഭങ്ങളിലൂടെ തൊഴിൽ നേടിക്കൊടുക്കാനുള്ള പദ്ധതിയിലൂടെ 10,000 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.
4. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 50 കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
5. ഹരിതകർമ്മ സേനയുടെ ഭാഗമായി 1000 ഹരിത സംരംഭങ്ങൾ ആരംഭിക്കുക.
6. കെഎസ്എഫ്ഇയുമായി സഹകരിച്ച് വിദ്യാശ്രീ പദ്ധതിയിലൂടെ 5,00,000 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്ന പദ്ധതി ആരംഭിക്കുക.

www.kudumbashree.org/pages/876 എന്ന പേജിലൂടെ കുടുംബശ്രീ

മുഖേന നടപ്പിലാക്കുന്ന 100 ദിന പദ്ധതികളെക്കുറിച്ചും ഇതുവരെയുള്ള പദ്ധതി പുരോഗതിയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ നിങ്ങൾക്ക് വായിച്ചറിയാം.

100 ദിവസ കർമ്മ പദ്ധതിപ്രകാരമുള്ള പദ്ധതികൾ സമയബന്ധിതമായി ത്വരിത ഗതിയിൽ പൂർത്തിയാക്കാനുള്ള ആക്ഷൻ പ്ലാൻ തയാറാക്കിവരികയാണ്. 100 ദിവസം കൊണ്ട് ഈ ലക്ഷ്യങ്ങൾ മികച്ച രീതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.